## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1757 — 16.02.2016 - ൽ മറുപടിയ്ക്ക്

## ഫയലുകളിൻമേൽ സത്വര തീർപ്പ്

**ചോദ്യം**
ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ നിന്നും മറ്റ് സർക്കാർ ഡയറക്ടറേറ്റുകളിൽ നിന്നും സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്ത് നിന്നുമുള്ള പൗരൻമാർക്കും വേഗത്തിൽ ഫയലുകളിൻമേൽ തീർപ്പ് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ഗൗരവപൂർണ്ണമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (എ) | സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഫയൽ അദാലത്തുകളിൽ, കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കുവാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്ത് തന്നെ എടുക്കുവാനും സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും വിവിധ സർക്കാർ വകുപ്പുകൾക്കും ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുവാൻ കമ്പ്യൂട്ടർവൽക്കരണം, ഡി.ഡി.എഫ്.എസ്, ഇ-ഗവേണൻസ്, ഇ-ഫയലിംഗ്,ഇ-ടെന്ററിംഗ്, ഐഡിയാസ്, ഫ്രണ്ട്സ്/അക്ഷയ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കയാണ്. കൂടാതെ പഞ്ചദിനചട്ടം, സേവനാവകാശ നിയമം എന്നിവ കർശനമായി പാലിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഫയലുകളിൽ തീരുമാനമെടുക്കാനുള്ള ഉദ്യോഗസ്ഥരുടെ തട്ടുകളുടെ എണ്ണം കുറച്ചും അത്യാവശ്യം ഫയലുകളിൽ ജില്ലകളിൽ തന്നെ തീരുമാനമെടുക്കാൻ കഴിയും വിധവും അധികാരവികേന്ദ്രീകരണം സാധ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും അപേക്ഷകൾ, പരാതികൾ എന്നിവയിൻമേലുള്ള നടപടികൾ വേഗത്തിലാക്കി സമയബന്ധിതമായി തീർപ്പാക്കുന്നതിനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം ചെയ്യുവാനും 3 മാസത്തിലൊരുദിവസം ഫയൽ അദാലത്തിനായി മാറ്റി വയ്ക്കുന്നതിനും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ വകുപ്പുകൾക്കും ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതിനുവേണ്ടി സേവന അവകാശനിയമം എല്ലാ തലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | സേവനാവകാശനിയമം വ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന് എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ